## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 495** **09.02.2016 ൽ മറുപടിക്ക്**

**കേരളത്തിന്റെ റെയിൽവെ വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ചന്ദ്രൻ : | | ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിന്റെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനും കൃത്യമായ നിരീക്ഷണം നടത്തുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് നടപ്പാക്കേണ്ട റെയിൽവേ പദ്ധതികൾ കണ്ടെത്തുന്നതിനും, ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. എന്നാൽ കേരളത്തിലെ എം.പിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി എല്ലാവർഷവും റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. |
| (ബി) | ഏതൊക്കെ സജീവമായ നിർദ്ദേശങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്; | (ബി) | കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം സംസ്ഥാന സർക്കാർ 2016-17 ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിൽ സംസ്ഥാനത്ത് നടപ്പ |

| | | | |
|---|---|---|---|
| | | | വരുന്ന പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ഗേജ്മാറ്റം, അങ്കമാലി ശബരി പുതിയ പാത നിർമ്മാണം എന്നിവ പൂർത്തീകരിക്കുന്നതിന് 2016-17 ൽ ആവശ്യമായ മൊത്തം 602 കോടി രൂപയും ആവശ്യപ്പെട്ടിരുന്നു. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, സംസ്ഥാനത്ത് സബർബൻ റെയിൽ ഏർപ്പെടുത്തുന്നതിന് റെയിൽവേയുടെ പങ്കാളിത്തം. അങ്കമാലി ശബരി പാത, നിലമ്പൂർ - നഞ്ചൻഗുഡ് പാത, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് റെയിൽവേ അടിസ്ഥാന സൗകര്യ വികസനം, ആട്ടോമെറ്റിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ, പുതിയ ട്രെയിനുകൾ അനുവദിക്കൽ തുടങ്ങിയ കാര്യങ്ങളും മുഖ്യമായും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇവ ഫലപ്രദമായി നേടിയെടുക്കുന്നതിന് കുറച്ചുകൂടി മെച്ചപ്പെട്ട ഔദ്യോഗിക സംവിധാനം രൂപീകരിക്കുന്നതിന് തയ്യാറാകുമോ; ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ് എന്നതിനാൽ നിലവിലുള്ള സംവിധാനം ഒരു പരിധിവരെ പര്യാപ്തമാണ്. എന്നാൽ റെയിൽവേ പദ്ധതികൾക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തി റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനു ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് ഒരു സംയുക്ത സംരംഭത്തിന് 27.01.2016 ൽ ധാരണാ പത്രം ഒപ്പിടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ